ALL INDIA RADIO THIRUVANANTHAPURAM

आकाशवाणी

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 16.12.2024**

## പ്രധാനവാർത്തകൾ

1. **ഭരണഘടന അംഗീകരിച്ചതിൻറെ 75-ാം വാർഷികത്തോടനുബന്ധിച്ച് പ്രത്യേക ചർച്ച രാജ്യ സഭയിൽ നാളെയും തുടരും.**

2. **പ്രധാനമന്ത്രി നരേന്ദ്രമോദിയും ശ്രീലങ്കൻ പ്രസിഡൻറ് അനുര കുമാര ദിസനായകെയും ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തി.**

3. **പത്ത്, പതിനൊന്ന് ക്ലാസ്സുകളിലെ അർദ്ധ വാർഷിക പരീക്ഷാ ചോദ്യപേപ്പർ യുട്യൂബ് ചാനൽ വഴി ചോർന്ന സംഭവം ആറംഗ സമിതി അന്വേഷിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി.**

4. **ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ മ്യൂസിയവും കൊല്ലത്ത് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവെച്ചു.**

5. **ബോർഡർ ഗവാസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിലെ ആദ്യ ഇന്നിംഗ്സിൽ ഇന്ത്യക്ക് ബാറ്റിംഗ് തകർച്ച.**

&&&&&&&&&&&&&&&&&&

RNUTVPM

**പാർലമെന്റ്**

ഭരണഘടന അംഗീകരിച്ചതിൻറെ 75-ാം വാർഷികത്തോടനുബന്ധിച്ച് രാജ്യസഭയിൽ ചർച്ച പുരോഗമിക്കുന്നു. ഇന്ത്യയെ കെട്ടിപ്പടുക്കാനുള്ള പ്രതിജ്ഞാബദ്ധത ആവർത്തിക്കേണ്ട സമയമാണിതെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ചർച്ചയ്ക്ക് തുടക്കമിട്ട് പറഞ്ഞു. ഭരണഘടനാ നിർമാണ സഭയിൽ അംഗങ്ങളായിരുന്ന 15 വനിതകൾ ഉൾപ്പെടെയുള്ളവർക്ക് ധനമന്ത്രി ശ്രദ്ധാഞ്ജലി അർപ്പിച്ചു. ചർച്ച നാളെയും തുടരും.

&&&&&&&&&&&&&&&&&&

PNU TVPM

**പി എം - ശ്രീലങ്ക - ഇൻട്രോ**

പ്രധാനമന്ത്രി നരേന്ദ്രമോദിയും ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെയും ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തി. വിവിധ മേഖലകളിലെ സഹകരണം ലക്ഷ്യമിട്ട് ഇരുരാജ്യങ്ങളും നിരവധി ധാരണാപത്രങ്ങളിൽ ഒപ്പുവെച്ചു. ഇന്ത്യ- ശ്രീലങ്ക കണക്റ്റിവിറ്റി വർധിപ്പിക്കുന്നത്തിന് വ്യോമ ,ജല ഗതാഗത മാർഗ്ഗങ്ങൾ വർധിപ്പിക്കേണ്ടതിൻറെ ആവശ്യകത പ്രധാനമന്ത്രി നരേന്ദ്രമോദി എടുത്തുപറഞ്ഞു.

(പി എം - വോയിസ്)

&&&&&&&&&&&&&&&&&&

## സർവ്വകക്ഷിയോഗം

അതിദാരിദ്ര്യ നിർമാർജനം, മാലിന്യമുക്തം നവകേരളം, പാലിയേറ്റീവ് പരിചരണം എന്നീ ക്യാമ്പയിനുകൾക്ക് സർവ്വകക്ഷിയോഗത്തിൻ്റെ പൂർണപിന്തുണ. തദ്ദേശസ്വയംഭരണതലത്തിലാണ് ഈ പരിപാടികൾ നടത്തുകയെന്നും എല്ലാവരുടെയും സഹകരണം ഉറപ്പാക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ യോഗത്തിൽ പറഞ്ഞു. മതസംഘടനകൾ ഉൾപ്പെടെ എല്ലാ സംഘടനകളെയും പരിപാടിയുമായി സഹകരിപ്പിക്കും. സമഗ്രകാഴ്ചപ്പാടോടെ രാഷ്ട്രീയ പാർട്ടികളും ബഹുജന സംഘടനങ്ങളും ക്യാമ്പയിനുമായി സഹകരിക്കണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&

## മന്ത്രി കെ. രാജൻ

നിയമങ്ങളും ചട്ടങ്ങളും ജനങ്ങളെ പേടിപ്പിക്കാനുള്ളതല്ലെന്നും ആവശ്യമെങ്കിൽ പൊളിച്ചെഴുതുമെന്നും റവന്യു മന്ത്രി കെ. രാജൻ. തൃശൂർ മുകുന്ദപുരത്ത് കരുതലും കൈത്താങ്ങും താലൂക്ക് തല പരാതി പരിഹാര അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ചൂരൽമല ഉരുൾപൊട്ടൽ ദുരിത ബാധിതരെ മുഴുവനും പുനരധിവസിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## വി ശിവൻകുട്ടി - ഇൻട്രോ)

പത്ത്, പതിനൊന്ന് ക്ലാസ്സുകളിലെ അർദ്ധ വാർഷിക പരീക്ഷാ ചോദ്യപേപ്പറിലെ ചില ഭാഗങ്ങൾ യുട്യൂബ് ചാനൽ വഴി ചോർന്ന സംഭവം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ ആറ് അംഗ സമിതി അന്വേഷിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ചേർന്ന വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിന് ശേഷം വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

RNUTVPM

&&&&&&&&&&&&&&&&&&

## ധാരണാപത്രം ഒപ്പുവച്ചു

കൊല്ലത്ത് ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ മ്യൂസിയവും സ്ഥാപിക്കുന്ന പദ്ധതിക്കായി ധാരണാപത്രം ഒപ്പിവെച്ചു. ധനമന്ത്രി കെ എൻ ബാലഗോപാലിന്റെ സാന്നിധ്യത്തിലാണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചത്. മത്സ്യ ടൂറിസം രംഗത്തെ നേട്ടങ്ങൾ അന്താരാഷ്ട്ര തലത്തിൽ

എത്തിക്കുന്നതിനും സമുദ്ര ശാസ്ത്ര ഗവേഷണം - ബോധവത്ക്കരണം തുടങ്ങിയവയും ലക്ഷ്യമിട്ടുള്ള സംസ്ഥാനത്തെ ആദ്യ സംരംഭമാണ് കൊല്ലത്ത് യാഥാർത്ഥ്യമാകുന്നത്. പൊതു--സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ചെലവ് 300 കോടി രൂപയാണ്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ് പദ്ധതി നടത്തിപ്പിന്റെ നോഡൽ ഏജൻസി.

&&&&&&&&&&&&&&&&&&

**ഹൈക്കോടതി**

തിരുവനന്തപുരം വഞ്ചിയൂരിൽ റോഡ് കെട്ടിയടച്ച് സിപിഐ എം സമ്മേളനത്തിൽ പങ്കെടുത്തവർ അതിൻറെ പ്രത്യാഘാതം നേരിടേണ്ടി വരുമെന്ന് ഹൈക്കോടതി. സംഭവവുമായി ബന്ധപ്പെട്ട് കോടതിയലക്ഷ്യത്തിന് കേസ് എടുക്കുന്ന കാര്യം പരിഗണനയിലാണെന്ന് ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അലക്ഷ്യമായി വാഹനം ഓടിക്കുന്നപ്രവണത കൂടി വരുന്നത് ആശങ്ക ഉളവാക്കുന്നതായും കോടതി നിരീക്ഷിച്ചു.

ഹർജി അടുത്ത ബുധനാഴ്ച വീണ്ടും പരിഗണിക്കും.

&&&&&&&&&&&&&&&&&&

RNUTVPM

**ശബരിമല - ദേവസ്വം പ്രസിഡൻറ്**

പരമ്പരാഗത കാനന പാതകളിലൂടെ ശബരിമല ദർശനത്തിനെത്തുന്നവർക്ക് പ്രത്യേക സൗകര്യമൊരുക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത് അറിയിച്ചു. കാനന പാതകളിലൂടെ നടന്ന് വരുന്ന തീർത്ഥാടകർക്ക് വനം വകുപ്പ് പ്രത്യേക ടാഗ് നൽകും. ടാഗുമായി നടപ്പന്തലിൽ എത്തുന്നവർക്ക് ദർശനത്തിനായി പ്രത്യേക വരി ഉണ്ടാകും. ഈ സംവിധാനം ഉടൻ നിലവിൽ വരുമെന്നും പി എസ് പ്രശാന്ത് അറിയിച്ചു.

&&&&&&&&&&&&&&&&&&

**കെ.എസ്.ആർ.ടി.സി ശമ്പളവിതരണം**

കെഎസ്ആർടിസി ജീവനക്കാർക്ക് ശമ്പളം ഇന്ന് മുതൽ ഒറ്റത്തവണയായി വിതരണം ചെയ്തു തുടങ്ങി. ശമ്പളത്തിനായി സർക്കാർ നൽകുന്ന തുകയുടെ ആദ്യ ഗഡുവായ 30 കോടി രൂപ കെഎസ്ആർടിസിക്ക് ലഭിച്ചിട്ടുണ്ട്. അഞ്ച് ദിവസത്തെ കെഎസ്ആർടിസിയുടെ ഇന്ധനത്തിനായി നൽകേണ്ട തുക കൂടി ശമ്പളത്തിനായി വകയിരുത്തിയാണ് ഒറ്റത്തവണയായി ശമ്പളം വിതരണം ചെയ്യുന്നത്.

&&&&&&&&&&&&&&&&&&

**പ്രിയങ്ക ഗാന്ധി**

RNUTVPM

വയനാട്ടിലെ മനുഷ്യ - വന്യമൃഗ സംഘർഷം ചോദ്യോത്തരവേളയിൽ പാർലമെന്റിൽ ഉന്നയിച്ച് വയനാട് എം.പി. പ്രിയങ്ക ഗാന്ധി. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ തൊണ്ണൂറോളം പേരാണ് മനുഷ്യ - വന്യമൃഗ സംഘർഷത്തിൽ വയനാട്ടിൽ ഇരകളായിട്ടുള്ളത്. കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികൾ, മതിയായ നഷ്ടപരിഹാരം തുടങ്ങിയ വിഷയങ്ങൾ ശ്രീമതി പ്രിയങ്ക ഗാന്ധി സഭയിൽ ഉന്നയിച്ചു.

&&&&&&&&&&&&&&&&&&

**IFFK - INTRO**

29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേള മികച്ച പ്രേക്ഷക പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാകുന്നു. വിവിധ വിഭാഗങ്ങളിലായ് 67 ചലച്ചിത്രങ്ങൾ ഇന്ന് പ്രേക്ഷകർക്ക് മുന്നിൽ എത്തി. മുഖകണ്ണാടി, വിക്ടോറിയ, കിഷ്കിന്ധാകാണ്ഡം, വെളിച്ചം തേടി,സൗദി വെള്ളക്ക എന്നിവയാണ് ഇന്ന് പ്രദർശിപ്പിക്കുന്ന മലയാളം സിനിമകൾ.

ഇന്ദു ലക്ഷ്മി സംവിധാനം ചെയ്ത അപ്പുറം ഇന്ന് വീണ്ടും പ്രേക്ഷകർക്ക് മുന്നിൽ എത്തുകയാണ്. തൻറെ സിനിമയെ കുറിച്ച് ഇന്ദു ലക്ഷ്മി ആകാശവാണി വാർത്തകളോട്...

(വോയിസ്)

RNU TVPM

&&&&&&&&&&&&&&&&&&&

**IFFK- കലാം സ്റ്റാൻഡേർഡ് 5 B**

IFFK യിൽ കലാം സ്റ്റാൻഡേർഡ് 5 B എന്ന ചലച്ചിത്രം നാളെ പ്രദർശിപ്പിക്കും. KSFDC യും ചലച്ചിത്ര അക്കാദമിയും ചേർന്ന് ടാഗോർ തിയേറ്ററിൽ പ്രത്യേകം ഒരുക്കിയിട്ടുള്ള വ്യൂയിങ് റൂമിൽ ഉച്ചയ്ക്ക് ഒരു മണിക്കാണ് പ്രദർശനം.

&&&&&&&&&&&&&&&&&&&

**സാക്കിർ ഹുസൈൻ**

ഇന്ത്യയുടെ ഇതിഹാസ തബല വിദ്വാൻ ഉസ്താദ് അല്ലാ രഖാ സാക്കിർ ഹുസൈന്റെ നിര്യാണത്തിൽ അനുശോചിച്ച് പ്രമുഖർ. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ ദുഖം രേഖപ്പെടുത്തി. ഹൃദയ സംബന്ധമായ അസുഖങ്ങളെ തുടർന്ന് സാൻ ഫ്രാൻസിസ്കോയിലെ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയായിരുന്നു ഉസ്താദ് സാക്കിർ ഹുസൈന്റെ അന്ത്യം.

&&&&&&&&&&&&&&&&&&&

**ഇനി ഞാൻ ഒഴുകട്ടെ- (ഇൻട്രോ)**

RNU TVPM

ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ഇനി ഞാൻ ഒഴുകട്ടെ - ബോധവത്കരണ യജ്ഞത്തിന് ഇടുക്കി ജില്ലയിൽ മികച്ച പ്രതികരണം. യജ്ഞത്തിലൂടെ 621.49 കിലോമീറ്റർ നീർച്ചാൽ വീണ്ടെടുത്തു.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.......

(വോയിസ്)

&&&&&&&&&&&&&&&&&&

RNU TVPM

**ക്രിക്കറ്റ്**

ബോർഡർ ഗവാസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിലെ ആദ്യ ഇന്നിംഗ്സിൽ ഇന്ത്യക്ക് ബാറ്റിംഗ് തകർച്ച. 44 റൺസ് എടുക്കുന്നതിനിടെ ഇന്ത്യക്ക് 4 വിക്കറ്റ് നഷ്ടമായി. മൂന്നാം ദിവസം കളി അവസാനിപ്പിക്കുമ്പോൾ ഇന്ത്യ, 17 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 51 റൺസ് എന്ന നിലയിലാണ്. ആദ്യ ഇന്നിംഗ്സിൽ ഓസീസ് 445 റൺസ് നേടിയിരുന്നു.

&&&&&&&&&&&&&&&&&&

**സന്തോഷ് ട്രോഫി**

78-മത് സന്തോഷ് ട്രോഫി ഫുട്ബോളിൻറെ ഫൈനൽ റൗണ്ട് മത്സരങ്ങളിൽ നാളെ കേരളം മേഘാലയയെ നേരിടും. ഹൈദരാബാദിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM